**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2815** **22-01-2021 - ൽ മറുപടിയ്ക്ക്**

**അരിയല്ലൂർ പരപ്പാൽ ബീച്ചിലെ കടലാക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി . | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വള്ളിക്കുന്നിലെ അരിയല്ലൂർ പരപ്പാൽ ബീച്ചിൽ കടലാക്രമണം കാരണം റോഡ് പൂർണ്ണമായി തകർന്ന വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് പഞ്ചായത്തിലെ അരിയല്ലൂർ പരപ്പാൽ ബീച്ചിൽ കടലാക്രമണം മൂലം തകർന്നുപോയ ടിപ്പുസുൽത്താൻ റോഡ് ഉൾപ്പെടുന്ന സ്ഥലത്ത് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനുവേണ്ടി താൽക്കാലികമായി ജിയോബാഗ് ഉപയോഗിച്ച് 240 മീറ്റർ നീളത്തിൽ 28 ലക്ഷം രൂപയുടെ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്. ഈ പ്രദേശത്ത് അനുയോജ്യമായ കടൽഭിത്തി നിർമ്മിക്കുന്നതിനായുള്ള Central Water and Power Research Station (CWPRS) ന്റെ പഠനത്തിനു വേണ്ടി 9.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് 17.12.2020-ലെ ജി.ഒ(ആർ.റ്റി)നം.767/2020/ ജ.വി.വ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. CWPRS ന്റെ പഠന റിപ്പോർട്ടിന് അനുസരിച്ചുള്ള കടൽഭിത്തി നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത റോഡ് പുനർനിർമ്മിക്കാൻ സാധിക്കുകയുള്ളൂ. റോഡ് PWD യുമായി ബന്ധപ്പെട്ടതാണ്. |
| (ബി) | നിർദ്ദിഷ്ട സ്ഥലത്ത് കയർ ഭൂവസ്ത്ര യൂട്യൂബ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് ടെണ്ടർ നടപടി പൂർത്തീകരിച്ചിരുന്നുവോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ; | (ബി) | നിർദ്ദിഷ്ട സ്ഥലത്ത് കയർ ഭൂവസ്ത്ര പ്രവൃത്തികൾ പരിഗണിച്ചിട്ടില്ല. ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തിര സംരക്ഷണ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്. |
| (സി) | നിർദ്ദിഷ്ട സ്ഥലത്ത് പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | നിർദ്ദിഷ്ട സ്ഥലത്ത് അനുയോജ്യമായ സംരക്ഷണ പ്രവൃത്തിയുടെ സാധ്യതാ പഠനത്തിനായി Central Water and Power Research Station (CWPRS) സമർപ്പിച്ച 9.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പഠനശേഷമുള്ള റിപ്പോർട്ട് ലഭിച്ച് അനുയോജ്യമായ സംരക്ഷണ പ്രവൃത്തി ഏതെന്ന് തീരുമാനിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ